I.ഇ.ബി. XIIകേരള നിയമസഭ/XI-22

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 24, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

മുൻ കേരളനിയമസഭാംഗങ്ങളായ പി. നീലകണ്ഠൻ, ബി. മാധവൻ നായർ, സി.കെ. നാരായണൻ കുട്ടി, പി.സി. തോമസ്, പി. നാരായണൻ തമ്പി, കവയിത്രിയും സാഹിത്യകാരിയുമായ കമല സുരയ്യ, തിരക്കഥാകൃത്തും സംവിധായകനുമായ എ.കെ. ലോഹിതദാസ് എന്നിവരുടെ നിര്യാണം

മുൻ കേരളനിയമസഭാംഗങ്ങളായ പി. നീലകണ്ഠൻ, ബി. മാധവൻ നായർ, സി.കെ. നാരായണൻ കുട്ടി, പി.സി. തോമസ്, പി. നാരായണൻ തമ്പി, കവയിത്രിയും സാഹിത്യകാരിയുമായ കമല സുരയ്യ, തിരക്കഥാകൃത്തും സംവിധായകനുമായ എ.കെ. ലോഹിതദാസ് എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം**

<u>തീവ്രവാദപ്രവർത്തനം</u>

<u>മി. സ്പീക്കർ:</u> എറണാകുളം സ്ഫോടനക്കേസ് അന്വേഷിക്കുന്ന പ്രത്യേക സംഘം കോഴിക്കോട് ഇരട്ട ബോംബ് സ്ഫോടനക്കേസ്സിലെയും കളമശ്ശേരി ബസ് കത്തിക്കൽ കേസ്സിലെയും മുഖ്യ പ്രതിയായ അന്താരാഷ്ട്ര ബന്ധമുള്ള അബ്ദുൾ ഹാലിമിനെ അറസ്റ്റ് ചെയ്തതോടുകൂടി സംസ്ഥാനം അന്താരാഷ്ട്ര തീവ്രവാദബന്ധമുള്ളവരുടെ താവളമായിത്തീരുന്നതായി ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.ബാബു, ജോസഫ് എം. പുതുശ്ശേരി, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, പി.സി.ജോർജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകി യിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> തീവ്രവാദ കേസ്സുകളുടെ അന്വേഷണം കേരള പോലീസ് വളരെ ശുഷ്ക്കാന്തിയോടെയാണ് നടത്തുന്നത്. ഇന്റലിജൻസ് ബ്യൂറോയും മറ്റ് കേന്ദ്ര രഹസ്യാന്വേഷണ ഏജൻസികളും സംസ്ഥാന ഇന്റലിജൻസുമായും സംസ്ഥാന ഗവണ്മെന്റുമായും നടത്തുന്ന ആശയവിനിയമങ്ങൾ അതീവ രഹസ്യ സ്വഭാവമുള്ളതാണ്. 2008 നവംബറിൽ ഇന്റലിജൻസ് ബ്യൂറോ കാശ്മീരിലെ ജിഹാദ് പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന പോലീസിന് നൽകിയ വിവര ങ്ങളുടെ അടിസ്ഥാനത്തിൽ 12 ആളുകളെ വിവിധ കേസ്സുകളുടെ അന്വേഷ

ണവുമായി ബന്ധപ്പെട്ട് കേരള പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റു ചിലർ വിവിധ കേസ്സുകളിൽ പ്രതികളാണെന്ന് കാണിച്ച് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെങ്കിലും അന്വേഷണ മധ്യേ ഒളിവിൽ പോയിട്ടുള്ളതിനാൽ അവരെക്കുറിച്ചും പോലീസ് അന്വേഷിച്ചുവരികയാണ്. രാഷ്ട്രീയ ഇടപെടൽമൂലം ഇത്തരം കേസ്സുകളിൽ നിന്ന് ആരെയും ഒഴിവാക്കുകയോ ഭീകരപ്രവർത്തകരെ സംബന്ധിച്ച കേസ്സുകളിന്മേൽ ഹൈക്കോടതി തന്നിട്ടുള്ള നിർദ്ദേശങ്ങൾ അവഗണിക്കുകയോ ചെയ്തിട്ടില്ല. 3-3-06-ന് ഉച്ചയ്ക്ക് പന്ത്രണ്ടേമുക്കാൽ മണിയോടെ കോഴിക്കോട് നടക്കാവ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് പരിസരത്തും അന്നേ ദിവസം ഉച്ചയ്ക്ക് ഒരുമണിയോടുകൂടി കോഴിക്കോട് കസബാ പോലീസ് സ്റ്റേഷൻ പരിധിയിലെ മുഫസിൽ ബസ് സ്റ്റാൻഡിലും സ്ഫോടനങ്ങൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ നടക്കാവ് പോലീസും കസബാ പോലീസും രജിസ്റ്റർ ചെയ്ത കേസ്സുകൾ കോഴിക്കോട് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. 10-7-09-ന് വൈകിട്ട് മൂന്നു മണിക്ക് എറണാകുളം കളക്ടറേറ്റിലുണ്ടായ സ്ഫോടനം സംബന്ധിച്ച് എറണാകുളം സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അന്വേഷണം നടത്തിവരവേയാണ് സ്ഫോടനക്കേസ്സുമായി ബന്ധപ്പെട്ട് സംശയിക്കുന്ന കണ്ണൂർ സ്വദേശിയായ അബ്ദുൾ ഹാലിമിനെ കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്തപ്പോൾ കോഴിക്കോട് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്ന കേസ്സിലെ പ്രതിയാണെന്ന് വ്യക്തമാകുകയും ചെയ്തത്. അബ്ദുൾ ഹാലിമിനെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്ത് 6-8-09 വരെ റിമാൻഡ് ചെയ്തിട്ടുണ്ട്. കണ്ണൂരിലെ ആസാദ്, വിനോദ് എന്നിവരുടെ കൊലപാതകം, കളമശ്ശേരിയിൽ വച്ച് തമിഴ്നാട് ബസ്

കത്തിച്ച സംഭവം, വ്യാജനോട്ട് ഇടപാടുകൾ, വാഹനമോഷണശ്രമം എന്നീ കേസ്സുകളിൽ ഹാലിം പ്രതിയാണ്. ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടു ണ്ടെന്നല്ലാതെ കേരളം തീവ്രവാദികളുടെ താവളമാണെന്നുള്ള പ്രസ്താവന അടിസ്ഥാനരഹിതമാണ്. ദേശീയ സുരക്ഷ ഉറപ്പാക്കുന്നതിൽ സംസ്ഥാന ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. ബാബു: വളരെ ഗൗരവമുള്ള ഒരു വിഷയത്തിന്മേൽ വളരെ ലാഘവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. തീവ്രവാദപ്രവർത്തനങ്ങൾ കേരളത്തിലും വ്യാപിക്കുന്നതായിട്ടാണ് ഈയിടെ നടന്ന സംഭവങ്ങൾ തെളിയിക്കുന്നത്. കേരളം തീവ്രവാദികളുടെ പരിശീലന കേന്ദ്രമായും റിക്രൂട്ടിംഗ് സെന്ററായും മാറുകയാണ്. എറണാകുളം കളക്ടറേറ്റ് സ്ഫോടനവുമായി ബന്ധപ്പെട്ട അന്വേഷണത്തിനിടയിലാണ് അബ്ദുൾഹാലിമിനെ കൊച്ചി പോലീസ് അറസ്റ്റ് ചെയ്തത്. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലെ ബോംബ് സ്ഫോടനം, കളമശ്ശേരി ബസ് കത്തിക്കൽ, 2008-ലെ ബാംഗ്ളൂർ സ്ഫോടനം, വാഹനമോഷണം, കള്ളനോട്ട് കേസ്, തുടങ്ങി നിരവധി കേസ്സുകളിൽ പ്രതിയായ അബ്ദുൾഹാലിമിന് ലക്ഷ്കർ-ഇ-തോയ്ബ ബന്ധവും ഉണ്ട്. രാജ്യാന്തര ബന്ധമുള്ള അബ്ദുൾ ഹാലിമിനെ ആറുമാസം മുമ്പ് ബോംബെ പോലീസ് അറസ്റ്റ് ചെയ്ത് കേരള പോലീസിന് കൈമാറാൻ തയ്യാറായപ്പോൾ ഒഴിഞ്ഞു മാറിയത് ഗുരുതരമായ വീഴ്ചയാണ്. കേരളത്തിലെ തീവ്രവാദക്കേസ്സുകളി ലെല്ലാം പ്രതികളായിട്ടുള്ളവർ പി.ഡി.പി. നേതാവ് മ് അദനിയുടെ അനുയാ യികളാണ്. സി.പി.ഐ.(എം) സമീപകാലത്ത് വോട്ടിനുവേണ്ടി പി.ഡി.പി.-യുമായി ഉണ്ടാക്കിയ ധാരണകളാണ് തീവ്രവാദപ്രവർത്തനങ്ങൾ കേരളത്തിൽ

ശക്തിപ്പെടാൻ കാരണം. തീവ്രവാദികൾക്ക് എല്ലാവിധത്തിലുള്ള സുരക്ഷിതത്വബോധവും ആത്മവിശ്വാസവും ഗവണ്മെന്റ് ഉണ്ടാക്കിക്കൊടുക്കുകയാണ്. തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യാൻ ഗവൺമെന്റ് വൈമുഖ്യം കാട്ടുകയാണ്. തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി കേസ്സുകൾ അട്ടിമറിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്റലിജൻസ് ബ്യൂറോയുടേയും കേന്ദ്ര ഏജൻസികളുടേയും നിർദ്ദേശങ്ങളേയും ഉപദേശങ്ങളേയും ഗവൺമെന്റ് അവഗണിക്കുകയാണ്. ഗവൺമെന്റിന്റെ തീവ്രവാദികളോടുള്ള മൃദുസമീപനംകൊണ്ടാണ് സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : തീവ്രവാദ പ്രവർത്തനങ്ങളെ ദേശസുരക്ഷാ ഭീഷണി പ്രശ്നമായി കാണണം. അബ്ദുൾ ഹാലിമിനെ ചോദ്യം ചെയ്തതിൽ നിന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന ഒട്ടേറെ സംഭവങ്ങൾ പുറത്തുവന്നിരിക്കുകയാണ്. അബ്ദുൾ ഹാലിമിനെ ആറു മാസം മുമ്പേ അറസ്റ്റ് ചെയ്ത വിവരം സംസ്ഥാന ഗവൺമെന്റിനെ അറിയിക്കുകയോ അയാളെ സംസ്ഥാന ആഭ്യന്തര വകുപ്പിന് കൈമാറാൻ സന്നദ്ധത പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. ജമ്മു കാശ്മീരിൽ ഏറ്റുമുട്ടലിൽ 4 തീവ്രവാദികൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസ്സിൽ 12 പേരെ അറസ്റ്റ് ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. മ്അദനിയുമായി ബന്ധപ്പെട്ട കേസ് വന്നപ്പോൾ അദ്ദേഹത്തേയും ഭാര്യയേയും

ചോദ്യം ചെയ്യുകയും മാതൃകാപരമായ നടപടി എടുക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുകയും ചെയ്തു. ഒരു കുറ്റവാളിയേയും രക്ഷപ്പെടാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. കേന്ദ്ര ഗവൺമെന്റ് വിവരം തരുന്നതിനു മുമ്പുതന്നെ തീവ്രവാദപ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിരുന്നു. രാജ്യ സുരക്ഷയെ ബാധിക്കുന്ന ഏറ്റവും ഗൗരവമുള്ള പ്രശ്നങ്ങളിൻമേൽ ഒരു വിട്ടുവീഴ്ചയുമില്ലാത്ത ശക്തമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രതിപക്ഷം ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ തരികയാണെങ്കിൽ അതുംകൂടി ചേർത്ത് അന്വേഷണം നടത്താവുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം**

<u>മുല്ലപ്പെരിയാർ ഡാമിനുപകരം ഡാം നിർമ്മിക്കണമെന്ന ആവശ്യം</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ</u>): ‘‘നൂറ്റിപ്പതിമൂന്ന് വർഷം പഴക്കമുള്ള ദുർബ്ബലമായ മുല്ലപ്പെരിയാർ ഡാം കേരളത്തിലെ നാല് ജില്ലകളിലെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് നിരന്തരമായ ഭീഷണി ഉയർത്തിവരികയാണ്. ഭൂചലന സാദ്ധ്യതയേറിയ മേഖലയിൽ സ്ഥിതിചെയ്യുന്ന ഡാമിലെ വിള്ളലുകളും ചോർച്ചയും അടിക്കടി വർദ്ധിച്ചു വരുന്നുവെന്നത്

ജനങ്ങൾക്കിടയിൽ കനത്ത ആശങ്ക പരത്തിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം നിർമ്മിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യണം'' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 155 അടി കോണ്ടൂർ ലൈനിൽ റിവർ ബെഡിൽ നിന്നും ഏകദേശം 8000-ഏക്കർ ഭൂമിയിലേയ്ക്ക് ഒഴുകിയെത്തുന്ന മുഴുവൻ വെള്ളവും സംഭരിച്ച് സംരക്ഷിച്ചുനിർത്തി തമിഴ്നാടിന് കൊണ്ടുപോകാനുള്ള അവകാശം കൈമാറ്റം ചെയ്യപ്പെടുന്നതായിരുന്നു 1886-ലെ 999-വർഷത്തേക്കുള്ള പെരിയാർ പാട്ടക്കരാർ. ഈ കരാറനുസരിച്ച് ഏതാണ്ട് 8692.97 ഏക്കർ തമിഴ്നാടിന്റെ കൈവശത്തിലും ഉപയോഗത്തിലുമാണ്. 1941-ൽ ഉണ്ടായിട്ടുള്ള ആർബിട്രേഷൻ അവാർഡനുസരിച്ച് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനുള്ള അവകാശം തമിഴ്നാട് ഉന്നയിച്ചപ്പോൾ ആർബിട്രേഷന് വിടുകയും ആർബിട്രേഷനിൽ തീർപ്പ് കൽപ്പിക്കാത്ത പശ്ചാത്തലത്തിൽ അത് അമ്പയർക്ക് വിടുകയും അമ്പെയറുടെ അവാർഡിന്റെ അടിസ്ഥാനത്തിൽ വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനുള്ള തമിഴ്നാടിന്റെ അവകാശം പൂർണ്ണമായും നിരാകരിക്കുകയും ചെയ്തതാണ് കേരളത്തെ സംബന്ധിച്ച് ഈ കാലയളവിലെ ആശ്വാസകരമായ ഏക ഉത്തരവ്. വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കുന്നതിന് തമിഴ്നാടിന് അനുമതി കൊടുക്കാനും കേരളത്തിൽ നിർമ്മിച്ചിട്ടുള്ള ഡാമിൽ നിന്നും മൽസ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിനുള്ള അവകാശം കേരളത്തിന് ലഭ്യമാക്കിക്കൊണ്ടുമുള്ള രണ്ട് സപ്ലിമെന്ററി കരാറുകൾ 1970-ൽ ഒപ്പുവച്ചു. ആ രണ്ട്

കരാറിലെ വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ വാർഷിക പാട്ടത്തുക 5 രൂപയായിരുന്നത് 30 രൂപയായി വർദ്ധിപ്പിച്ചു എന്നുള്ളതാണ് കേവലമായ മാറ്റം. ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുമ്പോൾ തമിഴ്നാട് കേരളത്തിന് നൽകേണ്ടിവരുന്ന തുക 0.14 പൈസയാണ്. എന്നാൽ ആ വൈദ്യുതി തന്നെ ഏഴ് രൂപയ്ക്കും 9 രൂപയ്ക്കും വാങ്ങിയിട്ടുള്ള ധാരാളം കീഴ്വഴക്കങ്ങൾ കേരളത്തിനുണ്ട്. എന്നിട്ടും തമിഴ്നാടിന് വെള്ളം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് കേരളത്തിന് അഭിപ്രായവ്യത്യാസമില്ല. പാട്ടത്തുക ഇനത്തിലും കറണ്ട് ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായും കേരളത്തിന് ആകെ ലഭിക്കുന്നത് പത്ത് ലക്ഷം രൂപയാണ്. 1978-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ പ്രതിനിധി സ്ഥലം പരിശോധിച്ച് ഡാമിന്റെ സുരക്ഷ ഭീഷണിയെ സംബന്ധിച്ച് ബോദ്ധ്യപ്പെട്ട പശ്ചാത്തലത്തിൽ ജലനിരപ്പ് 152 അടിയിൽ നിന്ന് 145 അടിയായി കുറയ്ക്കണമെന്ന് തീരുമാനിച്ചു. 1979-ൽ കെ.സി. തോമസ് ചെയർമാനായുള്ള സെൻട്രൽ വാട്ടർ കമ്മീഷൻ ഈ ഡാം സന്ദർശിച്ചതിനുശേഷം 145 അടിയിൽ നിന്ന് 136 അടിയായി ജലനിരപ്പ് നിജപ്പെടുത്താൻ തീരുമാനിച്ചു. 2000-ൽ ഇതുമായി ബന്ധപ്പെട്ട വിവിധ കേസുകൾ വിവിധ കോടതികളിൽ ഫയൽ ചെയ്തിരുന്നത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയ്ക്കെത്തി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ കാര്യത്തിൽ രണ്ട് സംസ്ഥാനങ്ങളുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കാൻ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തി. മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സസ് ഇക്കാര്യത്തിനുവേണ്ടി നിയോഗിച്ച എക്സ്പർട്ട് കമ്മിറ്റിയിലെ ബഹുഭൂരിപക്ഷം അംഗങ്ങളും സി. ഡബ്ള്യു.സി. യുടെ പ്രതിനിധികളായിരുന്നു. കേരളത്തിൽ നിന്ന് ശ്രീ. എം.കെ. പരമേശ്വരൻ നായർ മാത്രമായിരുന്നു ആ കമ്മിറ്റിയിലുണ്ടായിരുന്നത്. 136-അടിയിൽ നിന്ന് 142-അടിയായി ജലനിരപ്പ്

ഉയർത്തുന്നതിൽ ഒരു അപാകതയുമില്ല എന്ന 2001-ലെ സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136-ൽ നിന്ന് 142 അടിയായും ബേബി ഡാം ശക്തിപ്പെടുത്തിയതിനുശേഷം വേണമെങ്കിൽ അത് 152 അടിയായും ഉയർത്താമെന്നുള്ള വ്യക്തമായ വിധിന്യായം 2006 ഫെബ്രുവരി മാസം 27-ാം തീയതി സുപ്രീം കോടതി പുറപ്പെടുവിച്ചത്. അതിന്മേൽ മൂന്ന് റിവ്യൂ പെറ്റീഷനുകൾ സമർപ്പിച്ചെങ്കിലും ബഹുമാനപ്പെട്ട സുപ്രീംകോടതി അതെല്ലാം നിരാകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്താനും പഴക്കം ചെന്ന 22 ഡാമുകളെ ഷെഡ്യൂൾ ഡാമുകളായി ഉൾപ്പെടുത്താനും വേണ്ടി 2006 മാർച്ച് 14, 15 തീയതികളിൽ കേരള നിയമസഭ പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് ഭേദഗതി കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ചത്. അതിനെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ തമിഴ്നാട് ഫയൽ ചെയ്ത അന്യായത്തിൻമേലാണ് ഇപ്പോൾ വിചാരണയും വിസ്താരവും നടന്നുകൊണ്ടിരിക്കുന്നത്. ഇന്ന് കേരളം ആവശ്യപ്പെടുന്നത് കൂടുതൽ പഴകി ദുർബലപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഡാമിന്റെ ജലനിരപ്പ് ഒരിഞ്ചുപോലും ഉയർത്തുവാൻ കഴിയില്ലെന്നും ആ സ്ഥാനത്ത് ഒരു പുതിയ ഡാം നിർമ്മിക്കണമെന്നുമാണ്. 2000-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ നടത്തിയ ഒന്നാമത്തെ പഠനത്തിലെ പ്രോബബിൾ മാക്സിമം ഫ്ളഡ് സ്റ്റഡിയുടെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ടിൽ നിന്നാണ് കാൽക്കുലേഷണൽ അസസ്മെന്റിൽ ഏറ്റവുംകൂടുതൽ പ്രളയബാധയുണ്ടാകാൻ സാദ്ധ്യതയുള്ളത് 6003-ക്യൂമെക്സാണെന്ന് മനസ്സിലായത്. ഇതുസംബന്ധിച്ച്

പരിശോധിച്ചപ്പോൾ ഡാമിൽ 136 അടിയിൽ ജലനിരപ്പ് നിന്നാൽപോലും 6003 ക്യൂമെക്സ് ഫ്ളഡ് ഉണ്ടായാൽ ജലനിരപ്പ് 156.4 അടിയായി ഉയരുമെന്നാണ് റിപ്പോർട്ട് വെളിപ്പെടുത്തുന്നത്. 1943-ലാണ് ഏറ്റവുംവലിയ ഫ്ളഡ്, 8653 ക്യുമെക്സ്, മുല്ലപ്പെരിയാറിൽ ഉണ്ടായിട്ടുള്ള 6003 ക്യുമെക്സ് എടുത്താൽപ്പോലും ജലനിരപ്പ് 155 അടിയ്ക്കു മുകളിലായി വെള്ളം ഓവർഫ്ളോ ചെയ്യും. ഒരു ഡാം ഓവർഫ്ളോ ചെയ്തുകഴിഞ്ഞാൽ ആ ഡാം തീർച്ചയായും ഫെയിലാകുമെന്നുള്ളത് എഞ്ചിനീയറിംഗിന്റെ ബേസിക് പ്രിൻസിപ്പിളാണ്. നിർഭാഗ്യവശാൽ ഈ കാര്യം സെൻട്രൽ വാട്ടർ കമ്മീഷനോ ബന്ധപ്പെട്ട എക്സ്പെർട്ട് കമ്മിറ്റിയോ സുപ്രീം കോടതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാതെ ബോധപൂർവ്വം മൗനം പാലിച്ചു. ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസിന്റെ അടിസ്ഥാനത്തിൽ ഈ ഡാം ഹൈഡ്രോളജിക്കലി അൺ സേഫാണെന്ന ഐ.ഐ.ടി. ന്യൂഡൽഹിയുടെ ആതന്റിക്ക് റിപ്പോർട്ട് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മുല്ലപ്പെരിയാർ ഡാം തകർന്നാൽ ആ വെള്ളത്തെ തടഞ്ഞുനിർത്തി ഉൾക്കൊള്ളാനുള്ള ശേഷി 45 കിലോമീറ്റർ താഴെയുള്ള ഇടുക്കി ഡാമിനുണ്ടെന്നുള്ളതാണ് സുപ്രീം കോടതി യുടെ നേരത്തെയുണ്ടായ കണ്ടെത്തൽ. എന്നാൽ ആ പ്രദേശത്തെ 75,000-ത്തോളം വരുന്ന ജനങ്ങളുടെ ജീവനെ സംബന്ധിച്ച് എന്താണ് അഭിപ്രായം എന്നുള്ളത് ഇപ്പോൾ സുപ്രീംകോടതിയുടെ സജീവ പരിഗണനയിലാണ്. 2006-സെപ്റ്റംബർ 25-ന് സുപ്രീം കോടതിയുടെ ഡിവിഷൻ ബഞ്ച് രണ്ട് സംസ്ഥാനങ്ങളും സമവായത്തിലൂടെ ഈ പ്രശ്നം പരിഹരിക്കണമെന്ന് പറഞ്ഞതിനെതുടർന്ന് മുഖ്യമന്ത്രിമാർ തമ്മിൽ രണ്ട് പ്രാവശ്യം ഇക്കാര്യം സംബന്ധിച്ച് ചർച്ച നടത്തിയെങ്കിലും തമിഴ്നാടിന്റെ ഏകപക്ഷീയമായ നിലപാടു മൂലം ഒരു ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ല. ഏറ്റവുംഒടുവിൽ പുതിയ

ഡാം എന്ന കേരളത്തിന്റെ നിർദ്ദേശമടക്കമുള്ള 11-പ്രശ്നങ്ങൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് 77 രേഖകൾ സമർപ്പിച്ചത് സുപ്രീംകോടതി അക്സപ്റ്റ് ചെയ്തു. അതിൽ പ്രധാനപ്പെട്ട 5 സാക്ഷികളെ വിസ്തരിച്ചതിൽ ഒരു തുള്ളി വെള്ളം പോലും തമിഴ്നാടിന്റെ കാച്ച്മെന്റ് ഏരിയയിൽ നിന്ന് മുല്ലപ്പെരിയാറിലേയ്ക്ക് വരുന്നില്ലെന്ന് പ്രധാനപ്പെട്ട സാക്ഷിതന്നെ പരസ്യമായി മൊഴി നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടും കേരളവും ചേർന്നുള്ള സംയുക്ത പഠനത്തിന് കേരളം തയ്യാറായെങ്കിലും തമിഴ്നാട് പിൻവാങ്ങുകയാണ് ചെയ്തത്. 1979-ൽ കേരളവും തമിഴ്നാടും പരസ്പരം സമ്മതിച്ച് ഒപ്പു വച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു സർവേ നടത്തി സൈറ്റ് ലൊക്കേഷൻ പ്ളാൻ തയ്യാറാക്കിയിട്ടുള്ള സ്ഥലത്ത് ഒരു പുതിയ ഡാം നിർമ്മിക്കണമെന്നുള്ളതാണ് കേരളത്തിന്റെ ആവശ്യം. പുതിയ ഡാം നിർമ്മിക്കുന്നത് തമിഴ്നാടിന് വെള്ളം കൊടുക്കാൻ വേണ്ടിത്തന്നെയാണ്. അത് കേരളത്തിന്റെ ധാർമ്മികവും നിയമപരവുമായിട്ടുള്ള ബാധ്യതയാണെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. മുല്ലപ്പെരിയാർ ഡാം 1895-ൽ കമ്മിഷൻ ചെയ്തതാണ്. ലോകത്ത് ഇത്തരം കാലപ്പഴക്കമുള്ള സമാന സ്വഭാവമുള്ള ഡാമുകൾ ഡീ-കമ്മീഷൻ ചെയ്യുകയോ കൊളാപ്സാവുകയോ ആണ് ചെയ്തിട്ടുള്ളത്. ഇൻഡ്യയിൽ നൂറുവർഷത്തിനുമേൽ പഴക്കമുള്ള 37 ഡാമുകളുള്ളതിൽ 30 എണ്ണവും മണ്ണുകൊണ്ട് നിർമ്മിച്ചിട്ടുള്ള സാധാരണ ചെക്ക്ഡാമുകളാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സ്ട്രക്ച്ചർ ലൈമും സുർക്കിയും ഉപയോഗിച്ചുള്ളതാണ്. പുതിയ ഡാമിന്റെ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി നടത്തേണ്ട 10 കി.മീ. സർവേയിൽ . അവശേഷിക്കുന്ന 6.5 കി.മീറ്ററിന്റെ സർവേ പൂർത്തിയാക്കുന്ന

തിന് നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെ കൺകറൻസിനുവേണ്ടി പ്രധാനമന്ത്രിക്കും കേന്ദ്ര സർക്കാരിനും കത്തയച്ചിട്ടുണ്ട്. കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പ് വരുത്താനുതകുന്ന പുതിയ ഡാം നിർമ്മിക്കണമെന്ന നിർദ്ദേശം സ്വീകരിക്കുകയെന്നുള്ളതാണ് ഏറ്റവും കരണീയമായിട്ടുള്ള മാർഗ്ഗം. രാഷ്ട്രം ഒന്നാകെ ഏറ്റെടുക്കേണ്ട പുതിയ ഒരു മാനുഷിക പ്രശ്നമെന്ന നിലയിൽ ഒരു സമവായത്തിൽകൂടി ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുതകുന്ന ക്രിയാത്മകമായിട്ടുള്ള ചർച്ചകൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപക്ഷേപം സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: പ്രമേയത്തിൽ പറഞ്ഞിട്ടുള്ള പൊതുവായ കാര്യങ്ങളോട് യോജിക്കുന്നു. ഡാം സേഫ്റ്റി സ്റ്റാൻഡേർഡ്സ് അനുസരിച്ച് മുല്ലപ്പെരിയാർ ഡാമിന് ശക്തി കുറവാണെന്നുള്ള നിഗമനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2006 മാർച്ച് 14, 15 തീയതികളിൽ ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടി സഭപാസ്സാക്കിയ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2006-നെയാണ് തമിഴ്നാട് സുപ്രീംകോടതിയിൽ ചോദ്യം ചെയ്തിട്ടുള്ളത്. മുല്ലപ്പെരിയാർ ഡാമിന്റെ കേസുകളുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പഠിക്കാനേൽപ്പിച്ച രണ്ട് കൺസൾട്ടന്റുമാരിൽ ഒരാൾ കാവേരി ട്രിബ്യൂണൽ കേസ്സിൽ തമിഴ്നാടിനെ സഹായിച്ചുകൊണ്ടിരുന്ന അഡ്വൈസറി കമ്മിറ്റിയിൽപെട്ട ആളാണെന്നുള്ളത് കണക്കിലെടുത്ത് പിഴവുകൾ ഒഴിവാക്കി മുന്നോട്ടുപോകണം. കോടതിയിൽ ചോദ്യം ചെയ്യാൻ സാദ്ധ്യമല്ലാത്ത പരമാധികാരത്തോടുകൂടി രൂപീകരിക്കപ്പെട്ട ഡാം സേഫ്റ്റി അതോ

റിറ്റിക്ക് ഈ അവകാശം വിനിയോഗിക്കുന്നതിന് കഴിയണം. കേരളത്തിലെ 8000 ഏക്കറിനകത്തെ വെള്ളത്തിന്റെ പൂർണ്ണ അവകാശം തമിഴ്നാടിനാണ്. അവർക്ക് വെള്ളം തടസ്സമില്ലാതെ കിട്ടുമെന്നുള്ളതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുമില്ല. എന്നാൽ ഡാമിന്റെ ബലക്ഷയം കേരളത്തിലെ 4 ജില്ലകളിലെ 35 ലക്ഷത്തോളംവരുന്ന ജനങ്ങളുടെ ജീവന് ഭീഷണിയായി മാറിയിരിക്കുന്നതിനാൽ ഡാം ഡീ-കമ്മീഷൻ ചെയ്യാനാകുമോ എന്ന് പരിശോധിച്ച് സത്വര നടപടിയെടുക്കാൻ കഴിയണം. മുല്ലപ്പെരിയാർ സംസ്ഥാന നദിയായി നിൽക്കുന്നിടത്തോളംകാലം അതിന്മേൽ സംസ്ഥാനത്തിന് അധികാരമുണ്ട്. മൺസൂൺ സീസണിൽ ഡാമിൽ വെള്ളം കൂടുതൽ വന്നാൽ ജനങ്ങളുടെ രക്ഷയ്ക്കുവേണ്ടി modern instruments install ചെയ്യുന്നതിനും സിസ്റ്റമാറ്റിക്കായി hydraulic and related parameters അടക്കമുള്ള കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനും comprehensive risk analysis നടത്തുന്നതിനുംവേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തിര മാർഗ്ഗം കാണണം. ഡാം ഉയർത്തുന്ന ഭീഷണിയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം കണ്ടെത്തുന്നതോടൊപ്പം അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് പഠനം നടത്തുകയും വേണം. പുതിയ ഡാം ഉണ്ടാക്കുന്നത് കേരളത്തിന്റെ നിയന്ത്രണത്തിലായിരിക്കണം. 1970-ലുണ്ടായ വിട്ടുവീഴ്ച ആവർത്തിക്കാതിരിക്കാൻ മുൻകരുതലോടുകൂടിയുള്ള സമീപനം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ഉപക്ഷേപത്തെ പിന്താങ്ങുന്നു. 113 വർഷങ്ങൾക്കുമുമ്പ് പണിത മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയത്തെത്തുടർന്ന് എന്തെങ്കിലും അപകടമുണ്ടായാൽ ഇടുക്കി, പത്തനംതിട്ട,

കോട്ടയം, ആലപ്പുഴ അടക്കമുള്ള ജില്ലകളിലെ 35 ലക്ഷത്തോളം ജനങ്ങളും അവിടുത്തെ ആവാസ വ്യവസ്ഥയുമെല്ലാം തകർന്നുതരിപ്പണമാകുന്ന സ്ഥിതിവിശേഷമുണ്ടാകും. ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധതയോടുകൂടി മറ്റേതൊരു കാലത്തേക്കാളും മെച്ചപ്പെട്ട രൂപത്തിൽ പ്രവർത്തിക്കാനും അതിൽ വിജയം നേടാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതിന് സുപ്രധാന വഴിത്തിരിവായത് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ടിൽ 2006-ൽ വരുത്തിയ ഭേദഗതിയാണ്. ആ ഭേദഗതിയുടെ ഭാഗമായി ബലക്ഷയം സംഭവിക്കാൻ സാദ്ധ്യതയുള്ള 22 ഡാമുകളുടെ പട്ടികയിൽ മുല്ലപ്പെരിയാർ ഡാമിനെക്കൂടി ഉൾപ്പെടുത്തുകയും ഡാമിലെ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തുകയും ചെയ്തു. അതിനെ ചോദ്യംചെയ്ത് തമിഴ്നാട് സർക്കാർ കോടതിയിൽ പോകുകയും 2006 സെപ്റ്റംബറിൽ ഈ കേസ്സിൽ വാദങ്ങൾ കേട്ടതിനുശേഷം ഇരുസംസ്ഥാന ങ്ങളുടെയും മധ്യസ്ഥതയിൽ ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കണമെന്നുള്ള നിർദ്ദേശം സുപ്രീംകോടതി മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഇതിനെ ത്തുടർന്ന് 29.11.06-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കും തമിഴ്നാട്ടിലെ കൃഷിക്കാർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് സർക്കാർ അംഗീകരിച്ചില്ല. തുടർന്ന് 18.12.2006-ൽ കേരള-തമിഴ്നാട് ജലവിഭവ വകുപ്പുമന്ത്രിമാർ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കത്തക്കനിലയിലുള്ള പൊതുസമീപനമാണ് കേരളം മുന്നോട്ട് വച്ചതെങ്കിലും ഒരു ധാരണയിലെത്തിയില്ല. സെൻട്രൽ വാട്ടർ കമ്മിഷന്റെ

എക്സ്പേർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് 136 അടിയിൽ കൂടുതൽ ഉയർത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർവ്വകക്ഷിയോഗം വിളിച്ച് അണക്കെട്ടിന്റെ ഇന്നത്തെ ശോച്യാവസ്ഥ പ്രധാനമന്ത്രിയെ ബോദ്ധ്യപ്പെടുത്താനുള്ള പരിശ്രമം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. 19.02.2007-ന് ഇരുമുഖ്യമന്ത്രിമാരും ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയെങ്കിലും വ്യക്തമായ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ജലകമ്മീഷൻ നടത്തിയ ഫ്ളഡ് റൂട്ടിംഗ് സ്റ്റഡീസ് പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ട് hydrologically unsafe ആണെന്ന് സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. തുടർന്നാണ് വസ്തുത പഠിക്കാൻ ഒരു സ്വതന്ത്ര വിദഗ്ദ്ധ സമിതിയെ നിയമിക്കാൻ സുപ്രീം കോടതി നർദ്ദേശിച്ചത്. എന്നാൽ തമിഴ്നാട് ആ നിർദ്ദേശത്തോട് സഹകരിച്ചില്ല. മുല്ലപ്പെരിയാർ ഒരു അന്തർ സംസ്ഥാന നദിയാണെന്ന തമിഴ്നാടിന്റെ വാദത്തെക്കുറിച്ചുള്ള സാക്ഷിവിസ്താരത്തിൽ അവർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാം തകർന്നാൽ ആ വെള്ളം മുഴുവൻ ഉൾക്കൊള്ളാനുള്ള കഴിവ് ഇടുക്കി ഡാമിനുണ്ടെന്ന സുപ്രീം കോടതി വിധി വസ്തുതകൾക്ക് നിരക്കുന്നതല്ലെന്ന് തെളിയിക്കാനും സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ കേസ് 2009 ഒക്ടോബർ 20-ന് വാദം കേൾക്കാൻ വച്ചിരിക്കുകയാണ്. തമിഴ്നാടിന് വെള്ളവും കേരളത്തിന് സുരക്ഷയും ഉറപ്പാക്കുന്ന പുതിയ അണക്കെട്ടിനായി കണ്ടെത്തിയ സ്ഥലം സംബന്ധിച്ച രേഖകൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ അണക്കെട്ട് പണിയാനായി മന്ത്രിസഭ തീരുമാനമെടുത്ത് ജലസേചന വകുപ്പിന്റെ കീഴിൽ കുമിളിയിൽ ഒരു സബ്

ഡിവിഷൻ ഓഫീസ് തുറന്ന് സർവ്വേ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ഒരു രാഷ്ട്രീയ തീരുമാനമെടുത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുവാദം വാങ്ങി പുതിയ ഡാം നിർമ്മിച്ചാൽ മാത്രമേ ജനങ്ങളുടെ ആശങ്കയകറ്റാനും അവരുടെ ജിവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താനും കഴിയു. പുതിയ ഡാം പണിയുന്നതിന് ഏകകണ്ഠമായ തീരുമാനം ഉണ്ടാകണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:</u> മുല്ലപ്പെരിയാർ ഡാം പണിതിട്ട് 114 വർഷം പിന്നിട്ടിരിക്കുകയാണ്. ഡാമുകൾക്ക് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട കാലാവധി 50 വർഷമാണ്. മുല്ലപ്പെരിയാർ ഡാം സ്ഥിതി ചെയ്യുന്ന പ്രദേശം ഭൂചലന സാദ്ധ്യത കൂടുതലുള്ളതാണെന്നാണ് വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നേരിയ ഭൂചലനത്തെപ്പോലും അതിജീവിക്കാനുള്ള ശേഷി ഈ ഡാമിനില്ല. ഈ അണക്കെട്ട് തകർന്നാൽ ഇടുക്കി ഡാമും തകരുമെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. അങ്ങനെ സംഭവിച്ചാൽ ഉണ്ടാകുന്ന 2450 ദശലക്ഷം ഘനമീറ്റർ പ്രളയജലത്തിൽ ഇടുക്കി കോട്ടയം എറണാകുളം ആലപ്പുഴ ജില്ലകൾ മുങ്ങിപ്പോകും. അങ്ങനെ ഒരവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി Dam Break Analysis and Rehabilitation Disaster Management Plan (DBA & RDMP) തയ്യാറാക്കാനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണം. കേരളത്തിലെ എല്ലാ അണക്കെട്ടുകൾക്കും Dam Break Analysis അനിവാര്യമാണ്. ഇതിനാവശ്യമായ ചെലവിന്റെ 80 ശതമാനം തുക National Committee on Dam Safety -ൽ നിന്ന് ഗ്രാന്റായി ലഭിക്കും. ഈ അണക്കെട്ട് പൊട്ടിയാലുണ്ടാകുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിനെയും തമിഴ്നാട്

സർക്കാരിനെയും ബോദ്ധ്യപ്പെടുത്തി പുതിയ ഡാം പണിയാനാവശ്യമായ നടപടിയുണ്ടാകണം.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: പ്രമേയത്തെ പിന്താങ്ങുന്നു. 120 വർഷങ്ങൾക്കുമുമ്പ് ഒപ്പിട്ട മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച കരാർ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ റദ്ദാക്കപ്പെടുമെങ്കിലും കരാർ തുടർന്നും പാലിക്കണമെന്ന് തമിഴ്നാട് ശഠിക്കുന്നതിനാൽ മധ്യകേരളം ദുരന്തഭീഷണിയിലാണ്. ജനങ്ങളുടെ ഭീതിയകറ്റാനും ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കേരളം ആശങ്കകൾ ഉയർത്തുന്നതെന്ന വാദമാണ് തമിഴ്നാട് ഉന്നയിക്കുന്നത്. 1896-ൽ ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയപ്പോൾത്തന്നെ അണക്കെട്ടിന്റെ പിൻഭാഗത്ത് ജലകണങ്ങൾ ഇറ്റുവീണുകൊണ്ടിരുന്നു. തുടർന്ന് ചോർച്ചയുണ്ടാവുകയും ഗ്രൗട്ടിംഗ് നടത്തുകയും വീണ്ടും ചോർച്ച പ്രത്യക്ഷപ്പെട്ടപ്പോഴൊക്കെ ഗ്രൗട്ടിംഗ് ആവർത്തിച്ച് നടത്തുകയും ചെയ്തിട്ടുണ്ട്. അണക്കെട്ടിന്റെ ബലക്ഷയം രൂക്ഷമായി തുടർന്നപ്പോൾ 1979-ൽ കേന്ദ്ര ജല അതോറിറ്റി ചെയർമാൻ പരിശോധന നടത്തി 136 അടിയിൽ കൂടുതൽ ജലനിരപ്പ് ഉയർത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചു. മുല്ലപ്പെരിയാർ പ്രശ്നം രമ്യമായി പരിഹരിക്കപ്പെടണമെന്ന ധാരണ ഇരുസംസ്ഥാനങ്ങൾക്കും ഉണ്ടാകേണ്ടതാണ്. എന്നാൽ തമിഴ്നാട് സ്വീകരിക്കുന്ന നടപടികൾ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നവിധമാണ്. കേരള-തമിഴ്നാട് കരാറിൽ ഉൾപ്പെടാത്ത ബേബിഡാം നിലനിറുത്തേണ്ടതുണ്ടോ എന്ന നിയമസഭയുടെ പെറ്റീഷൻസ് സമിതിയുടെ റിപ്പോർട്ടിലെ പരാമർശം ഗൗരവമായി പരിശോധിക്കണം. അണക്കെട്ടിലെ ജലനിരപ്പ് നില

നിറുത്തുന്നതിനായി അധികജലം പുറത്തേക്ക് ഒഴുകാൻ വിധത്തിലുള്ള ഒരു ഷട്ടർ സംവിധാനം അടിയന്തിരമായി പണിയുകയാണ് വേണ്ടത്. അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നാലുണ്ടാകുന്ന പാരിസ്ഥിതികവും മാനുഷികമായ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായി അപഗ്രഥിച്ച് ഫലപ്രദമായി അവതരിപ്പിക്കാൻ സാധിക്കണം. ഡാം ബ്രേക്ക് അനാലിസിസിനെക്കുറിച്ചും ആലോചിക്കണം. മുല്ലപ്പെരിയാർ ഡാമിന് തകരാറ് സംഭവിച്ചാൽ വെള്ളം ദിശമാറി ഒഴുകുന്ന സാഹചര്യത്തെ സംബന്ധിച്ച ഫോറസ്റ്റ് വകുപ്പിന്റെ പഠന റിപ്പോർട്ടും പരിശോധിക്കപ്പെടണം. പുതിയ ഡാം നിർമ്മിക്കുന്നത് തമിഴ്നാടിന് വെള്ളം കൊടുക്കാൻവേണ്ടികൂടിയായിട്ടും അതിനെ എതിർക്കുന്ന നിലപാടാണ് തമിഴ്നാട് സർക്കാർ സ്വീകരിക്കുന്നത്. 1979 മുതൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള പല പഠന റിപ്പോർട്ടുകളും ഉണ്ടായിരുന്നെങ്കിലും അതൊക്കെ അവഗണിക്കപ്പെട്ട സാഹചര്യമാണുണ്ടായത്. ഇക്കാര്യത്തിൽ ഒരു രാഷ്ട്രീയ തീരുമാനം ഉണ്ടാകണം. പുതിയ ഡാം, പുതിയ കരാർ എന്ന ആശയം നടപ്പാക്കുന്നതിന് ഈ സഭ ഒത്തൊരുമയോടുകൂടി മുന്നോട്ടുപോകും.

<u>ശ്രീ. കെ. എം. മാണി</u>: പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ പ്രശ്നത്തിൽ രാഷ്ട്രീയ തീരുമാനത്തിനുപരിയായി ലീഗലായിട്ടുള്ള ഒരു തീരുമാനമുണ്ടാകണം. പുതിയ ഡാം എങ്ങനെ പ്രായോഗികമാക്കാമെന്നും അതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളതും ജലവിഭവ വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടില്ല. 1979-ൽ ഇരു സംസ്ഥാനങ്ങളും സർവ്വേ നടത്തി ലൊക്കേറ്റ് ചെയ്ത സ്ഥലത്ത് പുതിയ ഡാം നിർമ്മിക്കുക എന്ന നിലപാടിൽ നിന്ന് തമിഴ്നാട് ഒഴിഞ്ഞുമാറുകയാണ്. ഇക്കാര്യത്തെ സംബന്ധിച്ച് ഒരു ജോയിന്റ് കമ്മീഷനെ വച്ച് പഠനം നടത്തണമെന്ന

സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് സംസ്ഥാനങ്ങളിലേയും ജലവിഭവ വകുപ്പുമന്ത്രിമാരും മുഖ്യമന്ത്രിമാരും തമ്മിൽ നടത്താൻ നിശ്ചയിച്ച ചർച്ചയിൽ നിന്നും ഒഴിഞ്ഞുമാറിയ തമിഴ്നാട് ഗവൺമെന്റ് പുതിയ ഡാം നിർമ്മിക്കുന്നതിന് കേന്ദ്രഗവൺമെന്റ് മുൻകയ്യെ ടുത്ത് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയാലും സഹകരിക്കില്ല. അങ്ങനെ വന്നാൽ ഒരു ആർബിട്രേറ്ററെ വയ്ക്കണമെന്ന് സംസ്ഥാന ഗവണ്മെന്റിന് ആവശ്യപ്പെടാം. അതിനും അവർ സമ്മതിക്കാതെ വന്നാൽ സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം കമ്മീഷനെ വച്ച് പഠനം നടത്തി പുതിയ ഡാം നിർമ്മാണവുമായി മുന്നോട്ടുപോകാൻ കഴിയും. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിലെ വകുപ്പുകൾ പ്രകാരം നിബന്ധനകൾ ലംഘിച്ചാൽ കരാറിൽ നിന്ന് ഒഴിയണമെന്നു കാണിച്ചുകൊണ്ടുള്ള നോട്ടീസും കൊടുക്കാവുന്നതാണ്. അത്തരത്തിൽ സംസ്ഥാനത്തിന്റെ അവകാശം ഉപ യോഗിച്ച് ലീഗലായിട്ടുള്ള നടപടികളും സ്വീകരിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. തമിഴ്നാടും കേരളവും തമ്മിലുള്ള അന്തർസംസ്ഥാന നദീജല പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളെടുക്കണം. പുതിയ ഡാം നിർമ്മിക്കുക എന്ന ആവശ്യവുമായി ഈ സഭ ഒറ്റക്കെട്ടായി മുന്നോട്ടുപോകണം. ഭൂചലനംമൂലം ഡാമിന് വിള്ളലുണ്ടായിട്ടുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കു ന്നത്. ഡാമിന്റെ സുരക്ഷിതത്വമില്ലായ്മയും കാലപ്പഴക്കവും ജനങ്ങളിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. സുപ്രീംകോടതിയും കേന്ദ്ര സർക്കാരും കേരള ത്തിന് അനുകൂലമായ നിലപാടാണെടുത്തിരിക്കുന്നത്. സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിരിക്കുന്ന മുല്ലപ്പെരിയാർ

ഡാമിനെ സംബന്ധിച്ച് കേന്ദ്രസർക്കാരിനെയും അതോടൊപ്പം ജലലഭ്യതയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തമിഴ്നാടിനേയും ബോദ്ധ്യപ്പെടുത്തണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. 1979-ൽ തന്നെ മുല്ലപ്പെരിയാർ ഡാം സുരക്ഷിതമല്ലാത്തതിനാൽ ജലനിരപ്പ് 136 അടിയായി താഴ്ത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഏറെ അപകടാവസ്ഥയിലായിരിക്കുന്ന ഈ ഡാമിനു പകരം പുതിയത് പണിയുന്നതിന് തീരുമാനമെടുക്കുകയും കുമിളിയിൽ അതിനുള്ള ഓഫീസ് തുറക്കുകയും ചെയ്തെങ്കിലും ഡാമിന്റെ ആയക്കെട്ട് പ്രദേശത്തെ മൂന്ന് കിലോമീറ്റർ വനഭൂമി ടൈഗർ റിസർവ്വിൽപ്പെട്ടതായതിനാൽ ആ പ്രൊപ്പോസലിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി കിട്ടാത്തതിനാൽ നടപ്പിലായില്ല. മുല്ലപ്പെരിയാർ ഡാം തകർന്നാലുണ്ടാകാവുന്ന ദുരന്തം തമിഴ്നാടുമായി ചർച്ച ചെയ്ത് അവരുടെ വാദങ്ങൾകൂടി അംഗീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ പുതിയ ഡാം നിർമ്മിക്കണം. സഭയിലെ അംഗങ്ങൾ സംയുക്തമായി പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ഈ ആവശ്യം ഉന്നയിക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ ഡാമിനുപകരം പുതിയൊരു ഡാം പണിയുകയെന്നുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതമാണ്. കാലപ്പഴക്കംചെന്ന കരാർ പുതുക്കുകയെന്നതിനേക്കാൾ നാല് ജില്ലകളേയും 35 ലക്ഷത്തോളം വരുന്ന ജനങ്ങളേയും സംരക്ഷിക്കുക എന്നുള്ളതാണ് ഇപ്പോഴത്തെ ആവശ്യം. തമിഴ്നാടിന് വെള്ളം കൊടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി പുതിയ ഡാം പണിയുന്നതിന് രാഷ്ട്രീയമായ തീരുമാനത്തിനൊപ്പം നിയമപരമായ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കണം. തമിഴ്നാടിന്റെ എതിർപ്പിന് പരിഹാരം കണ്ടെത്തണം.

<u>ശ്രീ. വി. എൻ. വാസവൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര ജലവിഭവ കമ്മീഷൻ മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് നടത്തിയ പഠന റിപ്പോർട്ട് കേരളത്തിന് നൽകാതിരുന്നത് അവകാശലംഘനമാണ്. കേരളത്തിന്റെ ജലവിഭവത്തിന് വൻതോതിലുള്ള നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തമിഴ്നാടിന് അവകാശപ്പെട്ട ജലം നൽകുന്നതിന് തടസ്സമില്ല. 1979-ൽ കേന്ദ്ര ജലവിഭവ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ഡാം പണിയുന്നതിനുള്ള തീരുമാനമെടുക്കുകയും അതിനുള്ള സ്ഥലം നിശ്ചയിക്കുകയും ചെയ്തുവെങ്കിലും തമിഴ്നാട് ആ സ്കീമിൽ നിന്ന് പിൻമാറുകയാണുണ്ടായത്. നിയമപരമായും രാഷ്ട്രീയമായും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി തമിഴ്നാട് സർക്കാരുമായി യോജിച്ചുകൊണ്ട് പുതിയ ഡാം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. സി. ജോർജ്</u>: പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് നിയമസഭാ സമിതികൾ സമർപ്പിച്ച റിപ്പോർട്ടുകൾ ശുഷ്ക്കാന്തിയോടെ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ കുറച്ചുകൂടി വേഗത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമായിരുന്നു. 176 അടിയോളം ഉയരമുള്ള ഈ ഡാമിന്റെ ഡാം ബ്രേക്ക് അനാലിസിസ് നടത്തി ജനങ്ങളുടെ ഭീതിയകറ്റാൻ കഴിയണം. ആവശ്യമായ നടപടികൾ സ്വീകരിച്ച് എത്രയും വേഗം പുതിയ ഡാമിന്റെ നിർമ്മാണം ആരംഭിക്കണം.

<u>ശ്രീ. പി. എം. എ. സലാം</u>: പ്രമേയത്തെ പിന്താങ്ങുന്നു. 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ നിർദ്ദേശം അനുസരിച്ച് മുല്ലപ്പെരിയാർ ഡാമിനു പകരം പുതിയ ഡാമിന്റെ നിർമ്മാണം തമിഴ്നാടും കേരളവും അംഗീകരിച്ചതും ഇരു സംസ്ഥാനങ്ങളും സംയുക്തമായി സർവ്വേ നടത്തി

അതിനുവേണ്ട സ്ഥലം കണ്ടെത്തിയതുമാണ്. എന്നാൽ ഇപ്പോൾ തമിഴ്നാട് അവിടെ പുതിയ ഡാം നിർമ്മിക്കണമെന്ന ആശയത്തിൽ നിന്നും പിന്മാറിയിരിക്കുകയാണ്. തമിഴ്നാടിന്റെ കാർഷിക താല്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളെ ഭീതിയിൽനിന്ന് രക്ഷിക്കാൻ പുതിയ ഡാം നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

ശ്രീ. എ. എ. അസീസ്: പ്രമേയത്തെ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് മുല്ലപ്പെരിയാർ വിഷയം പ്രശംസനീയമായ നിലയിലാണ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. 1979-ൽ കേന്ദ്ര ജലവിഭവ കമ്മീഷൻ പഠനം നടത്തിയതിനെത്തുടർന്ന് ഒരു പുതിയ ഡാം മുല്ലപ്പെരിയാറിൽ അനിവാര്യമാണെന്ന് ഇരുസംസ്ഥാനങ്ങളും സമ്മതിക്കുകയുണ്ടായി. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായിരിക്കുന്ന പുതിയ ഡാം നിർമ്മിക്കുന്നതിനായി ഒരു സർവ്വകക്ഷി നിവേദക സംഘത്തെ നിയോഗിച്ച് ഈ ആവശ്യം കേന്ദ്രസർക്കാരിനു മുന്നിൽ ഉന്നയിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. ഷാജു: പ്രമേയത്തെ പിന്താങ്ങുന്നു. അങ്ങേയറ്റം ഉത്കണ്ഠാജനകമായ ഒരു സാഹചര്യമാണ് സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. കേരളത്തിന്റെ ജലസമ്പത്ത് പരമാവധി ചൂഷണം ചെയ്യാനാണ് തമിഴ്നാട് ശ്രമിക്കുന്നത്. മുല്ലപ്പെരിയാർ ഡാം തകർന്നാൽ കേരളത്തിലെ നാല് ജില്ലകൾ പൂർണ്ണമായും ഇല്ലാതാകും. കേന്ദ്രത്തിലെ ഭരണം മാറിയ സാഹചര്യത്തിൽ പുതിയ ഡാം പണിയണമെന്നുള്ള ആവശ്യവുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകണം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: പ്രമേയത്തെ പിന്താങ്ങുന്നു. റൂർക്കി ഐ.ഐ.ടി-യിലേയും ബാംഗ്ലൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലേയും വിദഗ്ദ്ധർ നടത്തിയ പഠനത്തിൽ ഇനി ഒരു

ഭൂചലനമുണ്ടായാൽ അത് താങ്ങാനുള്ള ശേഷി മുല്ലപ്പെരിയാർ ഡാമിനില്ലെന്ന് തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സംഭവിക്കാനിടയുള്ള ദുരന്തം ഒഴിവാക്കാൻ കേന്ദ്രസർക്കാരിനെ ഇടപെടുത്തി പ്രശ്നം പരിഹരിക്കുന്നതിനും മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്നുള്ള കേരളത്തിന്റെ ആവശ്യം അംഗീകരിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ. വി. കുഞ്ഞിരാമൻ</u>: പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്നുള്ള ആവശ്യം യാഥാർത്ഥ്യമാക്കുന്നതിന് ഈ സഭ ഒരുമിച്ച് നിൽക്കണം. കേന്ദ്ര ജലവിഭവ കമ്മീഷൻ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് നടത്തിയ പഠനത്തെത്തുടർന്ന് ഡാമിലെ ജലനിരപ്പ് ഉയർത്തുന്നതിനുള്ള അനുവാദം നൽകുകയുണ്ടായി. എന്നാൽ ആ സന്ദർഭത്തിൽ കേരളത്തിൽ പെയ്തിട്ടുള്ള മഴയേയും പ്രളയത്തേയും സംബന്ധിച്ച് കൃത്യമായ ഒരു പഠനം അന്നത്തെ കമ്മീഷൻ നടത്തിയിരുന്നില്ല. 1943-ലുണ്ടായതുപോലുള്ള ഒരു പ്രളയം താങ്ങാൻ മുല്ലപ്പെരിയാർ അണക്കെട്ടിന് കഴിയില്ലെന്നുമാത്രമല്ല അങ്ങനെ സംഭവിച്ചാലുണ്ടാകാവുന്ന ആഘാതം ഇടുക്കി ഡാമിനും താങ്ങാനാവില്ല. ഇക്കാര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് നിന്നുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം:</u> പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാർ ഡാമിൽ 136 അടി വെള്ളം നിർത്തുന്നതുതന്നെ സുരക്ഷിതമല്ല. അഞ്ച് വർഷം കംബൈനിംഗ് കപ്പാസിറ്റിയിൽ തുടർന്നാൽ ഇടുക്കി ഡാമിനും ബലക്ഷയം ഉണ്ടാകും. സംസ്ഥാന ഗവൺമെന്റ്

രൂപീകരിച്ച ഡാം സേഫ്റ്റി അതോറിറ്റിക്ക് ഡാം സുരക്ഷിതമല്ലെന്ന് പ്രഖ്യാപിക്കാനുള്ള അധികാരമുണ്ട്. നിയമസഭ 2006-ൽ പാസ്സാക്കിയ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് അമെന്റ് ചെയ്യുകയും 136 അടി വെള്ളം ഡാമിൽ നിറുത്തുന്നത് സുരക്ഷിതമല്ലെന്ന് ഡാം സേഫ്റ്റി അതോറിറ്റി ഓർഡർ ഡിക്ലെയർ ചെയ്യുകയും ഗവൺമെന്റ് അത് ശുപാർശ ചെയ്യുകയും വേണം.

ശ്രീ. എസ്. രാജേന്ദ്രൻ : പ്രമേയത്തെ പിന്താങ്ങുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് രാഷ്ട്രീയത്തേക്കാളുപരി നിയമപരമായ നിലപാടെടുക്കണം. പുതിയ ഡാം പണിതുയർത്തുമ്പോൾ 16 ടി.എം.സി.യിൽ കൂടുതൽ വെള്ളം കൊടുക്കാൻ സാധിക്കുമെങ്കിൽ അക്കാര്യം അവരെ ബോധ്യപ്പെടുത്തി കേന്ദ്ര ഗവൺമെന്റ് കൂടി ഇടപെട്ട് പദ്ധതി രൂപപ്പെടുത്താനും പുതിയ ഡാം പണിയാനും തയ്യാറാകേണ്ടതുണ്ട്. ഇതൊരു കേന്ദ്ര പദ്ധതിയായെടുത്ത് ഒരു പുതിയ ഡാം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിലപാട് സ്വീകരിക്കാൻ കഴിയണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : മുല്ലപ്പെരിയാർ പ്രശ്നം കേരളവും തമിഴ്നാടും തമ്മിലുള്ളതായി മാത്രം കാണാതെ പൊതുവായിട്ടെടുത്ത് പരിഹാരം കാണേണ്ടതാണ്. തമിഴ്നാടിന് വെള്ളം ലഭ്യമാക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കും പ്രാധാന്യം നൽകണം. മലയാളികളായ അനേകലക്ഷം ആളുകൾ തമിഴ്നാട്ടിലുണ്ട് . തമിഴ്നാടുമായുള്ള ബന്ധം നിലനിർത്തിക്കൊണ്ടുതന്നെ പുതിയ ഡാം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം മറ്റ്

ജലവിഭജനത്തിന്റെ കാര്യത്തിലുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണണം. സഭയുടെ പൊതുവികാരത്തോട് പൂർണ്ണമായി യോജിക്കുന്നതോടൊപ്പം എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രതിപക്ഷനേതാവ് മുന്നോട്ടുവച്ച നിർദ്ദേശങ്ങളെ പൂർണ്ണ അർത്ഥത്തിൽ സ്വാഗതം ചെയ്യുകയാണ്. തമിഴ്നാടിന്റെ വെള്ളത്തിന്റെ ആവശ്യവും കേരളത്തിന്റെ സുരക്ഷയും അടിസ്ഥാനമാക്കി ഒരു പുതിയ ഡാം നിർമ്മിക്കുകയെന്ന കേരളത്തിന്റെ നിർദ്ദേശം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ കക്ഷി-മുന്നണി ഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുകയെന്ന സമവായമാണ് ഇവിടെ നടന്ന ചർച്ചകളിൽ ഉയർന്നുവന്നിട്ടുള്ളത്. ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട് അനുസരിച്ച് നിലവിലുള്ള പാട്ടക്കരാർ സംസ്ഥാന ഗവൺമെന്റ് നോട്ടീസ് നൽകി റദ്ദ് ചെയ്യണമെന്ന വ്യത്യസ്തമായ മറ്റൊരു വീക്ഷണവും ചർച്ചയുടെ ഭാഗമായി ഉയർന്നുവരികയുണ്ടായി. ഒരു ഫെഡറൽ ഭരണ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർ നോട്ടീസ് നൽകി ടെർമിനേറ്റ് ചെയ്യുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന അസ്വസ്ഥതകൾ അവരുടെ സൗഹൃദ ബന്ധത്തെ ദോഷകരമായി ബാധിക്കും എന്നുള്ളതുകൊണ്ട് സുപ്രീം കോടതി ഒരു കോംപ്രിഹെൻസീവ് ജഡ്ജ്മെന്റിനുവേണ്ടി കേസ് വിചാരണ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. സുപ്രീംകോടതിയിൽ അസ്സൽ അന്യായമെന്ന നിലയ്ക്ക് സിവിൽ ജൂറിസ് പ്രൂഡൻസ് അനുസരിച്ച് ഇഷ്യൂസ് ഫ്രെയിം ചെയ്തു കഴിഞ്ഞാൽ കോടതിക്ക് അഡ്ജുഡിക്കേറ്റ് ചെയ്യേണ്ടതായി വരും. അല്ലെങ്കിൽ തീരുമാനമെടുക്കുന്നില്ലെന്ന് പറയണം. കേരളത്തിലേയും

തമിഴ്നാട്ടിലേയും അഡ്വക്കേറ്റുമാർ പരസ്പരം സമ്മതിച്ച് ജോയിന്റ് ഇഷ്യൂസ് ഫ്രെയിം ചെയ്തിട്ടാണ് കോടതി പതിനൊന്ന് ഇഷ്യൂസ് ഫ്രെയിം ചെയ്തത്. കേരള സർക്കാർ ജഡ്ജ്മെന്റിനുവേണ്ടി കാത്തിരിക്കുകയാണ്. അതേസമയം പുതിയ ഡാം നിർമ്മിക്കണമെന്നുണ്ടെങ്കിൽ നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റേയും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആന്റ് ഫോറസ്റ്റിന്റേയും പെർമിഷൻ വേണം. കേന്ദ്ര സർക്കാരിന്റെ സമ്മതമില്ലാതെ റിസർവ്വ് ഫോറസ്റ്റ് ആയിട്ടുള്ള ഏരിയായിൽ ഡാം നിർമ്മിക്കാൻ സാധ്യമല്ല. ഇത്തരത്തിലുള്ള ഒരു സാങ്കേതിക പ്രശ്നമുള്ളതുകൊണ്ടാണ് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഒരു രാഷ്ട്രീയമായ പരിഹാരം വേണമെന്നാവശ്യപ്പെടുന്നത്. നിയമപരമായ പരിഹാരത്തിന് പര്യാപ്തമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ തമിഴ്നാട് സർക്കാർ കേരളത്തിന്റെ ഡൗൺ സ്ട്രീം പോപ്പുലേഷൻ പ്രശ്നത്തെ ആദ്യമായി അംഗീകരിച്ചിരിക്കുകയാണ്. ഇത്തരം അനുകൂല സാഹചര്യങ്ങൾ ഉപയോഗിച്ച് രാഷ്ട്രീയമായും നിയമപരമായും പരിഹാരം കാണാൻ ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രാഷ്ട്രീയമായ ഇച്ഛാശക്തിയും പ്രതിപക്ഷനേതാവ് ഉൾപ്പെടെ സർവ്വകക്ഷികളും നൽകുന്ന പിന്തുണയും എല്ലാം കൂട്ടിച്ചേർത്തുകൊണ്ട് ഇത് സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന പ്രതീക്ഷയാണുള്ളത്. ആ വികാരത്തോടുകൂടി ഇവിടെ നടത്തിയ ചർച്ചകൾക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രമേയം ഒരിക്കൽ കൂടി സഭയുടെ ശ്രദ്ധയ്ക്ക് വേണ്ടി സമർപ്പിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: മുല്ലപ്പെരിയാർ ഡാമിന്റെ അപകടാവസ്ഥ സംബന്ധിച്ച് കോടതി, കേന്ദ്ര സർക്കാർ, ജനങ്ങൾ

ഇവർക്കെല്ലാം മുന്നറിയിപ്പ് നൽകിക്കൊണ്ട് ഇതിനൊരു പരിഹാരം എന്ന ആവശ്യമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. 116 വർഷം മുമ്പുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് ഡാമിലെ വെള്ളം തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്നത്. എന്നാൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് തമിഴ്നാട് സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. എങ്കിലും സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനും തമിഴ്നാട് സർക്കാരിന് വീണ്ടും വെള്ളം കൊടുക്കാനും വേണ്ടി ഒരു പുതിയ ഡാം എന്ന ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന പ്രമേയത്തിന് സഭയുടെ എല്ലാ ഭാഗത്തുനിന്നും നൽകിയ പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ചട്ടം 130 അനുസരിച്ച് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളുമായി ഇന്നലെയും ഇന്നുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുമതിയോടുകൂടി ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം സഭയുടെ സമവായം എന്ന നിലയിൽ അവതരിപ്പിക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

**ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ചട്ടം 275 അനുസരിച്ച് താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു

നൂറ്റിപ്പതിമൂന്ന് വർഷം പഴക്കമുള്ള ദുർബ്ബലമായ മുല്ലപ്പെരിയാർ ഡാം കേരളത്തിലെ നാല് ജില്ലകളിലെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് നിരന്തരമായി

ഭീഷണി ഉയർത്തി വരികയാണ്. ഭൂചലന സാദ്ധ്യതയേറിയ മേഖലയിൽ സ്ഥിതി ചെയ്യുന്ന ഡാമിലെ വിള്ളലുകളും ചോർച്ചയും അടിക്കടി വർദ്ധിച്ചു വരുന്നൂവെന്നത് ജനങ്ങൾക്കിടയിൽ കനത്ത ആശങ്ക പരത്തിക്കൊണ്ടിരിക്കുന്നു. 1979-ൽ കേന്ദ്ര ജല കമ്മീഷൻ പഠനം നടത്തി ഒരു പുതിയ ഡാം അനിവാര്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള സ്ഥലം പരസ്പര സമ്മതത്തോടെ തമിഴ്നാടും കേരളവും സംയുക്തമായി സർവ്വേ നടത്തി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഡാമിന്റെ ബലക്ഷയം കണക്കിലെടുത്ത് പുതിയ ഡാം നിർമ്മിക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്ന് കേരളം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷയ്ക്കും തമിഴ്നാടിന് വെള്ളം ലഭ്യമാക്കുന്നതിനും ഒരു പുതിയ ഡാം നിർമ്മിക്കുക എന്ന കേരളത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് അനുയോജ്യമായ നേതൃത്വം നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

**അവകാശ ലംഘന പ്രശ്നങ്ങൾ**

(1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: പരിസ്ഥിതി സമിതിയുടെ വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ, അത്താണി ബ്രിക്സ് ആന്റ് മെറ്റൽസ് ലിമിറ്റഡ് സന്ദർശനം തടസ്സപ്പെടുത്തിയതിന് പ്രസ്തുത സ്ഥാപനത്തിനെതിരെ പരിസ്ഥിതി സമിതി ചെയർമാൻ ശ്രീ. രാജാജി മാത്യു തോമസ് നൽകിയ അവകാശ ലംഘന നോട്ടീസ്, സഭയിൽ ഉന്നയിക്കാനുദ്ദേശിച്ച വിഷയം സംബന്ധിച്ച് പുറത്ത്

പത്ര സമ്മേളനത്തിലൂടെ പരസ്യ പ്രസ്താവന നടത്തിയെന്ന് കാണിച്ചു കൊണ്ട് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ അവകാശലംഘന നോട്ടീസ്, ബഹു. മുഖ്യമന്ത്രി സഭയിൽ പറയാത്ത കാര്യങ്ങൾ, പറഞ്ഞുവെന്ന് സഭയ്ക്ക് പുറത്ത് പത്ര സമ്മേളന ത്തിൽ അവകാശപ്പെട്ടത് കാണിച്ചുകൊണ്ട് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം.എ. വാഹീദ് നൽകിയ അവകാശലംഘന നോട്ടീസ്, സ്ക്കൂൾ ലൈബ്ര റികൾക്ക് പുസ്തകം വാങ്ങുന്നതിന് ട്രഷറിയിൽ നിന്നും ചട്ട വിരുദ്ധമായി പണം പിൻവലിച്ചത് സംബന്ധിച്ച ചോദ്യത്തിന് വാസ്തവവിരുദ്ധമായ മറുപടി നൽകിയെന്നാരോപിച്ച് ബഹു. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ജോസഫ് എം. പുതുശ്ശേരി നൽകിയ അവകാശലംഘന നോട്ടീസ് എന്നിവ യ്ക്ക് ബന്ധപ്പെട്ടവരിൽ നിന്നുലഭിച്ച വിശദീകരണങ്ങളുടെ അടിസ്ഥാ നത്തിൽ അനുമതി നിഷേധിക്കുന്നു.

(2) <u>പരിഗണനയിലിരിക്കുന്നത്</u>

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 2-7-09-ൽ മറുപടി നൽകേണ്ട എസ്.എസ്.എൽ.സി. ചോദ്യപേപ്പറിലെ പിശകു കളെ സംബന്ധിച്ചുള്ള നക്ഷത്രചിഹ്നമിടാത്ത 1985-ാം നമ്പർ ചോദ്യത്തിന് വാസ്തവ വിരുദ്ധമായ മറുപടി നൽകിയതുവഴി സഭയുടേയും സഭാംഗങ്ങളു ടേയും അവകാശാധികാരങ്ങൾ ഹനിക്കപ്പെട്ടതായി കാണിച്ചുകൊണ്ട് ബഹു. വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ.കെ.പി. മോഹനൻ നൽകിയ അവകാശലംഘന നോട്ടീസ് ചെയറിന്റെ പരിഗണന യിലാണ്.

**മുഖ്യമന്ത്രിയുടെ പ്രമേയം**

മുഖ്യമന്ത്രി (ശ്രീ. വി.എസ്.അച്ചുതാനന്ദൻ): സഭ മുമ്പാകെ തൽക്കാലം മറ്റ് അത്യാവശ്യ ഔദ്യോഗിക ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

XII-ാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ജൂൺ 22-ന് ആരംഭിച്ച് 22 ദിവസം സമ്മേളിച്ച് ബിസിനസ്സ് പൂർത്തികരിച്ച് ഇന്ന് അനിശ്ചിത കാലത്തേയ്ക്ക് പിരിയുകയാണ്. 2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് പതിമൂന്ന് ദിവസം നീണ്ടുനിന്ന ചർച്ചകൾക്ക് ശേഷം 2009-10 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനവിനിയോഗ ബിൽ പാസ്സാക്കുകയും അതോടൊപ്പം 2009-10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ, അധിക ധനാഭ്യർത്ഥനകളുടെ ധനവിനിയോഗ ബിൽ എന്നിവ പാസ്സാക്കിയാണ് സഭ പിരിയുന്നത്. 2008-ലെ കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കുകയും 2009-ലെ കേരള ഭൂ സംരക്ഷണ ഭേദഗതി നിയമം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയുമുണ്ടായി. 39 ശ്രദ്ധക്ഷണിക്കലുകളും 334 സബ്മിഷനുകളും ചട്ടം 300 അനുസരിച്ച് 3 പ്രസ്താവനകളും അവതരിപ്പിക്കുകയുണ്ടായി. മുല്ലപ്പെരിയാർ ഡാമിന് പകരം പുതിയ ഡാം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു. ഈ സെഷൻ വിജയകരമാക്കാൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്,

കക്ഷിനേതാക്കന്മാർ, മന്ത്രിമാർ, മറ്റ് സഭാംഗങ്ങൾ, ഉദ്യോഗസ്ഥർ, മാധ്യമ പ്രവർത്തകർ എന്നിവർക്ക് നന്ദി രേഖപ്പെടുത്തുന്നു. എല്ലാവർക്കും നന്മകൾ നേരുന്നു.

(സഭ ഉച്ചയ്ക്ക്ശേഷം 12.30-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

............................